കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊയിലാണ്ടി മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

**സ.ഉ.(കൈ)നം. 118/2021/തസ്വഭവ** തിരുവനന്തപുരം, തീയതി, 28/06/2021

---

പരാമർശം:-
1. 27/11/2019-ലെ സ.ഉ.(കൈ) നം. 152/2019/തസ്വഭവ
2. 12/06/2020-ലെ സ.ഉ.(കൈ) നം. 96/2020/തസ്വഭവ
3. കൊയിലാണ്ടി നഗരസഭ കൗൺസിലിന്റെ 07/01/2020-ലെ 3-ാം നമ്പർ തീരുമാനം
4. കൊയിലാണ്ടി നഗരസഭ കൗൺസിലിന്റെ 20/10/2020-ലെ 7-ാം നമ്പർ തീരുമാനം.
5. കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 10/11/2020-ലെ റ്റിപി 1-15145/18 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രകന്റെ 10/02/2021 തീയതിയിലെ റ്റിസിപിസിറ്റിപി/1482/2020-എഫ്2 നമ്പർ കത്ത്.

## ഉത്തരവ്

കൊയിലാണ്ടി നഗരസഭയ്ക്കുവേണ്ടിയുള്ള കരട് മാസ്റ്റർപ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(4) പ്രകാരം കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരിച്ച വിവരം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് ഔദ്യോഗിക ഗസറ്റിലും പ്രാദേശിക ഭാഷയിലുള്ള ദിന പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു.

(2) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ നടപ്പിലാക്കിയതിനാലും 14/01/2020-ലെ കേരള ഗസറ്റ് ലഭ്യമായത് 10/02/2020 തീയതിയിൽ ആയതിനാലും പൊതുജനങ്ങൾക്ക് കരട് മാസ്റ്റർപ്ലാനിന്മേൽ

ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(11) പ്രകാരം പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപ/നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി പരാമർശം (2) ഉത്തരവ് പ്രകാരം 13/06/2020 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

(3) കൊയിലാണ്ടി നഗരസഭയുടെ മാസ്റ്റർപ്ലാനിന്മേൽ ലഭിച്ച ആക്ഷേപങ്ങളിലും നിർദ്ദേശങ്ങളിലും നടപടിയെടുക്കുന്നതിന് കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(6) പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ട് നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു.

(4) സ്പെഷ്യൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ കരട് മാസ്റ്റർപ്ലാൻ പരാമർശം (4) പ്രകാരം കൊയിലാണ്ടി നഗരസഭ കൗൺസിൽ അംഗീകരിക്കുകയും കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(7) പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ നടപ്പിലാക്കിയതിനാൽ ആക്ഷേപങ്ങളിലും അഭിപ്രായങ്ങളിലും തീരുമാനമെടുത്തതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(6) പ്രകാരമുള്ള സമയപരിധിയായ 60 ദിവസത്തിനുള്ളിൽ സാധിക്കാതിരുന്ന സാഹചര്യത്തിൽ, നടപടിയിൽ വന്ന കാലതാമസം സാധൂകരിച്ച് കൊയിലാണ്ടി കരട് മാസ്റ്റർപ്ലാനിന് അംഗീകാരം നൽകണമെന്ന് പരാമർശം (5) പ്രകാരം കൊയിലാണ്ടി നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(5) കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(11) പ്രകാരം, മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആക്റ്റിലെ 36(3) മുതൽ 36(8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സമയപരിധി ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് കൊയിലാണ്ടി മാസ്റ്റർപ്ലാനിന് കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകാവുന്നതാണ് എന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ അപേക്ഷയും മുഖ്യനഗരാസൂത്രകന്റെ ശിപാർശയും കണക്കിലെടുത്ത്, കേരള നഗരഗ്രാമാസൂത്രണ ആക്റ്റ്, 2016 വകുപ്പ് 36(6) പ്രകാരം ആക്ഷേപങ്ങളിലും അഭിപ്രായങ്ങളിലും തീരുമാനമെടുത്തതിന്റെ സ്പെഷ്യൽ കമ്മിറ്റി റിപ്പോർട്ട്

സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം സാധൂകരിച്ച്, കൊയിലാണ്ടി മാസ്റ്റർപ്ലാനിന് കേരള നഗരഗ്രാമാസൂത്രണ ആക്റ്റ്, 2016 വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, കോഴിക്കോട് (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, കൊയിലാണ്ടി നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.